പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4452 — 27/06/2013 -ൽ മറുപടിക്ക്

## ആധാര വിവരങ്ങൾ കമ്പ്യൂട്ടറിലാക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ<br>,, വി. റ്റി. ബൽറാം<br>,, ബെന്നി ബെഹനാൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാര വിവരങ്ങൾ കമ്പ്യൂട്ടറിലാക്കുന്നതിനുള്ള സംവിധാനം സബ് രജിസ്ട്രാർ ഓഫീസുകളിൽ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 113 സബ് രജിസ്ട്രാർ ഓഫീസുകളിൽ, 1980 മുതലുള്ള ആധാരവിവരങ്ങളും, 198 ഓഫീസുകളിൽ, 1990 മുതലുള്ള ആധാര വിവരങ്ങളും ഇപ്രകാരം ലഭ്യമാണ്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ആധാരങ്ങളുടെ ഡേറ്റ കമ്പ്യൂട്ടറിൽ ലഭ്യമാകുന്നതുമൂലം, ബാധ്യത സർട്ടിഫിക്കറ്റുകൾ സമയനഷ്ടം കൂടാതെ കക്ഷികൾക്ക് തയ്യാറാക്കി നൽകുവാൻ കഴിയുന്നു. ആധാര വിവരങ്ങൾ കക്ഷികൾക്ക് ഓൺലൈനായി പരിശോധിക്കുവാൻ അവസരമൊരുക്കുക എന്നതും ഇതിന്റെ ഉദ്ദേശ്യലക്ഷ്യത്തിൽപ്പെടുന്നു. |
| സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ഇതിനായി ലഭിക്കുന്നത്; വിശദമാക്കുമോ; | സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 25% കേന്ദ്ര സഹായം രജിസ്ട്രേഷൻ വകുപ്പിന് ലഭിക്കുന്നുണ്ട്. |
| ഡി) ഇവ നടപ്പാക്കുന്നതിന് എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) 1980 മുതലുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 113 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഈ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. 198 സബ് രജിസ്ട്രാർ |

ഓഫീസുകളിൽ, 1990 മുതലുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസുകളിൽ, 1980 മുതലുള്ള 11 വർഷത്തെ ഡേറ്റാ എൻട്രി നടപടികൾ ഘട്ടംഘട്ടമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.